Draft #1 of File 50041/AC A9-2/2019/VC SECTION Approved by ASSISTANT REGISTRAR III (ACADEMIC) on 21-Sep-2021 03:50 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

PG CSS 2019 - M.A Sociology - പ്രൈവറ്റ് രജിസ്ട്രേഷൻ - പ്രവേശന യോഗ്യത - 11.11.2019 തീയതിയിലെ നം.5565 /AC A9/2019 സർവ്വകലാശാലാ ഉത്തരവിൽ തിരുത്തൽ വരുത്തുന്നതിനുള്ള ശിപാർശ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 4848/AC A 9/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 22.09.2021

---

*പരാമർശം:*-1. സർവ്വകലാശാലാ ഉത്തരവ് നം.1352/Ac A 3/2019 തീയതി 01.04.2019
2. സർവ്വകലാശാലാ ഉത്തരവ് നം.5565/AC A9/2019 തീയതി 11.11.2019
3. സർവ്വകലാശാലാ ആക്ട് 1985 ,അദ്ധ്യായം 3,വകുപ്പ് 10 (17 ) പ്രകാരം ബഹു: വൈസ് ചാൻസിലർ നൽകിയ 17.09.2021 തീയതിയിലെ ഉത്തരവ്

**ഉത്തരവ്**

പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ സോഷ്യോളജി പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള യോഗ്യത പരാമർശം (1) ഉത്തരവ് പ്രകാരം ക്രമപ്പെടുത്തിയിട്ടുള്ളതാണ്. ടി ഉത്തരവ് പ്രകാരം എം.എ. സോഷ്യോളജി പ്രോഗ്രാമിനുള്ള (പ്രൈവറ്റ് രജിസ്ട്രേഷൻ) പ്രവേശന യോഗ്യത 'ഏതെങ്കിലും വിഷയത്തിൽ ബിരുദം' എന്ന് നിജപ്പെടുത്തിയിരുന്നു.

പരാമർശം (2) പ്രകാരം M.A Sociology പ്രോഗ്രാമിലേയ്ക്കുള്ള (പ്രൈവറ്റ് രജിസ്ട്രേഷൻ ) പ്രവേശന യോഗ്യത നിജപ്പെടുത്തിയിരിക്കുന്നത് Any Degree (Bachelor of Divinity is excluded) എന്നാണ്. പ്രസ്തുത ഉത്തരവിൽ (Bachelor of Divinity is excluded ) എന്ന് തെറ്റായി ചേർത്തിരിക്കുന്ന ഭാഗം നീക്കം ചെയ്ത് ഉത്തരവിൽ തിരുത്തൽ വരുത്തി പരിഷ്കരിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കപ്പെട്ടിരുന്നു.

പ്രസ്തുത ശിപാർശ സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ്ചാൻസിലർ 17.09.2021 തീയതിയിൽ അംഗീകരിച്ചിരിക്കുന്നു. .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

റേച്ചൽ കെ ഐ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) വി സി /പി വി സി എന്നിവരുടെ പി എസ് മാർ
2) രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3 ) ജെ ആർ II (ഭരണവിഭാഗം )/ഡി ആർ II/എ ആർ III (അക്കാദമിക് വിഭാഗം)
4) ജെ ആർ II / ഡി ആർ II / എ ആർ IX (പരീക്ഷാവിഭാഗം )
5) ഡി ആർ (പ്രൈവറ്റ് രജിസ്ട്രേഷൻ )
6) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ ക്യൂ എ സി/ റെക്കോർഡ്സ് സെക്ഷനുകൾ
7)) എ സി എ 3 / ഇ എച്ച് 6 / പി ആർ 1 സെക്ഷനുകൾ
8) സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

File number: 50041/Ac A9 SO /2019/Ac A 9

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 50041/AC A9-2/2019/VC SECTION Approved by ASSISTANT REGISTRAR III (ACADEMIC) on 21-Sep-2021 03:50 PM - Page 2